# മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

സിൻഡിക്കേറ്റ് തീരുമാനം – അവധി യാത്രാ സൗജന്യം (LTC) സർവ്വകലാശാല ജീവനക്കാർക്ക് അനുവദിക്കുന്നതിനായി സർക്കാരിനോട് അഭ്യർത്ഥിക്കുന്നത് സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ 1 സെക്ഷൻ

നം.4894/എ1/2/2017/ഭരണവിഭാഗം. തീയതി, പ്രിയദർശിനി ഹിത്സ്, 09.08.2017

---

സൂചന:
1. 26.02.2011 ലെ G.O (P) No.86/2011/Fin
2. 02.01.2013 ലെ G.O (P) No.5/ 2013/Fin
3. 23.01.2013 ലെ Endt. No.457/AIII/2/2013/Admn
4. 25.04.2016 ലെ ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് ഗവൺമെൻറ് സെക്രട്ടറിയുടെ കത്ത്
5. 30.05.2016 ലെ സർവ്വകലാശാല കത്ത് നം. Ad.AI-2-228/2016
6. 03.10.2016 ലെ ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് ഗവൺമെൻറ് സെക്രട്ടറിയുടെ കത്ത് നം. B4/714/2014/H.Edn
7. 28.10.2016 ലെ സിൻഡിക്കേറ്റിലേയ്ക്കുള്ള കുറിപ്പ് നം. Ad.AI-2-228/2016
8. 17.07.2017 ലെ സിൻഡിക്കേറ്റ് യോഗത്തിൻെറ തീരുമാനം (മിനിറ്റ്സ് ഇനം നമ്പർ 54/17.08/162338)

## ഉത്തരവ്

മേൽ സൂചന (1) പ്രകാരം, ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻെറ ശുപാർശയ്ക്ക് അനുസൃതമായി സർവ്വകലാശാല ജീവനക്കാരുടെ ശമ്പളവും ബത്തയും പരിഷ്കരിച്ചിട്ടുള്ളതും പ്രസ്തുത ഉത്തരവിൽ അവധി യാത്രാ സൗജന്യം (LTC) സംബന്ധിച്ചുള്ള ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണെന്നും പരാമർശിച്ചിരുന്നു. ഇതിനെ തുടർന്ന്, സർക്കാർ ജീവനക്കാർക്ക് അവധി യാത്രാ സൗജന്യം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് സൂചന (2) സർവ്വകലാശാലയിലേയ്ക്ക് അയച്ചുതന്നിരുന്നു. ആയത് സൂചന (3) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കുകയും ചെയ്തു.

എന്നാൽ സർക്കാരിൻെറ സാമ്പത്തിക പരാധീനത കാരണം അവധിയാത്രാ സൗജന്യം സർവ്വകലാശാല ജീവനക്കാർക്ക് അനുവദിക്കാനാവില്ലെന്ന് സൂചന (4) പ്രകാരം അറിയിക്കുകയുണ്ടായി. ഈ തീരുമാനം പുന:പരിശോധിക്കണമെന്ന് സർവ്വകലാശാല സുചന (5) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നുവെങ്കിലും അവധിയാത്രാ സൗജന്യം സംബന്ധിച്ച തീരുമാനത്തിൽ സർക്കാർ ഉറച്ചു നിൽക്കുന്നുവെന്ന് സൂചന (6) പ്രകാരം അറിയിച്ചു;

.......... 2

മേൽ പരാമർശിച്ചതെല്ലാം പരിഗണിച്ച്, അവധിയാത്ര സൗജന്യം സംബന്ധിച്ച സർക്കാർ തീരുമാനം വൈസ്-ചാൻസിലറുടെ ഉത്തരവു പ്രകാരം സിൻഡിക്കേറ്റിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി സൂചന (7) പ്രകാരം സമർപ്പിക്കുകയുണ്ടായി. ആയതിൽ സൂചന (8) പ്രകാരം സിൻഡിക്കേറ്റ് അവധി യാത്രാ സൗജന്യം (LTC) സർവ്വകലാശാല ജീവനക്കാർക്കും അനുവദിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ
അസിസ്റ്റൻറ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. ഗവൺമെൻറ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്
2. വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷവിഭാഗം/അക്കാദമികം/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
6. എ.സി.സി സെക്ഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർ
7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
8. ആഡിറ്റ് II/III/ എ.ഡി.എ IV
9. റിക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

റഫറൻസ് നമ്പർ എ.ഡി.എ1-2/228/2016

സെക്ഷൻ ഓഫീസർ